## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2839.

27.01.2014-ലെ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിലെ ടൂറിസം പദ്ധതികൾ.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | 2013-14 സാമ്പത്തിക വർഷത്തിൽ പാലക്കാട് ജില്ലയിൽ എത്ര ടൂറിസം പ്രോജക്റ്റുകളാണ് ഏറ്റെടുത്തതെന്ന വിവരം ലഭ്യമാക്കുമോ; | (എ) | 1. തൃത്താല വെള്ളിയാങ്കല്ല് വികസനം - പദ്ധതി രണ്ടാം ഘട്ടം.<br>2. ബാപ്പുജി ചിൽഡ്രൻസ് പാർക്ക്, ശ്രീകൃഷ്ണപുരം.<br>3. മീൻവല്ലം ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ വികസനം, പാലക്കാട്. |
| (ബി) | ഇത്തരത്തിലുള്ള എല്ലാ പ്രോജക്റ്റുകളുടെയും പ്രവർത്തന പുരോഗതിയുടെ വിശദാംശങ്ങൾ നൽകുമോ; | (ബി) | മേൽപ്പറഞ്ഞ ഒന്നും രണ്ടും പദ്ധതികളുടെ നിർമ്മാണ ചുമതല പാലക്കാട് ഡി.റ്റി.പി.സി.ക്കാണ് നൽകിയിരിക്കുന്നത്. ഈ രണ്ട് പദ്ധതി പ്രദേശങ്ങളും ജലസേചന വകുപ്പിന്റെ അധീനതയിൽപെട്ട സ്ഥലമായതിനാൽ ജലസേചനവകുപ്പിന്റെ permissive sanction ലഭ്യമായാൽ മാത്രമേ പദ്ധതി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. മീൻവല്ലം വെള്ളച്ചാട്ടം ടൂറിസം പദ്ധതിയുടെ നിർമ്മാണ ചുമതല ഇക്കോ ടൂറിസം വകുപ്പിനാണ് നൽകിയിരിക്കുന്നത്. പ്രസ്തുത പദ്ധതിയ്ക്ക് വനം വകുപ്പിൽ നിന്നുള്ള permissive sanction ലഭ്യമായാൽ മാത്രമേ പദ്ധതി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | ഇതിൽ എത്ര പദ്ധതികൾക്ക് ഫോറസ്റ്റ് ക്ലിയറൻസ് വാങ്ങിയെടുക്കുവാനുണ്ട്; ഇതിനായി ടൂറിസം-വനം മന്ത്രിമാർ സംയുക്ത മീറ്റിംഗ് നടത്തിയിട്ടുണ്ടോ; | (സി) | ഇതിൽ മീൻവല്ലം ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ വികസനത്തിന് ഫോറസ്റ്റ് ക്ലിയറൻസ് ലഭിക്കുവാനുണ്ട്. ടൂറിസം, വനം വകുപ്പ് മന്ത്രിമാരുടെ സംയുക്ത മീറ്റിംഗ് നടന്നിട്ടില്ല. |
| (ഡി) | വനംവകുപ്പിന്റെ പെർമിസ്സീവ് സാങ്ഷന്റെ കാര്യത്തിൽപ്പോലും കേന്ദ്രവനംവകുപ്പിന്റെ അനുമതി വേണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ആയതു പരിഹരിക്കുന്നതിനായി സത്വര നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനംവകുപ്പിന്റെ പെർമിസ്സീവ് സാങ്ഷൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ